(ബി) 1985-86-ൽ എത്ര വീടുകൾ അനുവദിച്ചു;

(സി) 1986-87-ൽ മൊത്തം, എത്ര വീടുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു;

(ഡി) പണി ആരംഭിച്ചിട്ടും ഇതുവരെയും പൂർത്തിയാക്കാൻ സാധിക്കാത്ത വീടുകൾ എത്രയെന്നും അവ പൂർത്തിയാക്കാത്തതിന്റെ കാരണവും;

(ഇ) പൂർത്തിയാക്കാത്ത വീടുകൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) കിളിമാനൂർ ബ്ലോക്കിൽ ഗ്രാമവികസനവകുപ്പുവഴി താഴെ പറയുന്ന പ്രകാരം വീടുകൾ അനുവദിച്ചു.

1982-83 .. ഇല്ല.
1983-84 .. ഇല്ല.
1984-85 .. ആർ.എൽ.ഇ.ജി.പി. 106.
എൻ.ആർ.ഇ.പി. ഇല്ല.

(ബി) ആർ.എൽ.ഇ.ജി.പി. .. 112.
എൻ.ആർ.ഇ.പി. .. 134

(സി) ആർ.എൽ.ഇ.ജി.പി. .. 60
എൻ.ആർ.ഇ.പി. .. 90.

(ഡി) 1984-85-ൽ ആരംഭിച്ച വീടുകളിൽ പൂർത്തിയാക്കിയ വീടുകൾ 32 എണ്ണം. പൂർത്തിയാക്കാത്തവ 73. 1985-86-ൽ അനുവദിച്ച 246 വീടുകളിൽ 183 വീടുകളുടെ പണി നടന്നുവരുന്നു. ഒന്നും പൂർത്തിയാക്കിയിട്ടില്ല. ചില ഗുണഭോക്താക്കളെ മാറ്റി പുതിയ ആളുകളെ എടുക്കേണ്ടതുകൊണ്ടും മറ്റു ചില സാങ്കേതിക കാരണങ്ങൾ കൊണ്ടും വീടുകൾ മുഴുവൻ പൂർത്തിയാക്കാൻ സാധിച്ചില്ല.

(ഇ) പൂർത്തിയാക്കാത്ത വീടുകൾ പൂർത്തിയാക്കാൻ പരമാവധി ശ്രമിക്കുന്നുണ്ട്.

എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. സ്കീമുകൾ

315 [344] ശ്രീ. പി.സി. ജോർജ്:

ഡോ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. സ്കീമുകളിൽ പെടുത്തി റോഡുകൾ നിർമ്മിക്കുമ്പോൾ റോഡിന്റെ ഉയരത്തിന് എന്തെങ്കിലും പരിധി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കുട്ടനാട് പ്രദേശങ്ങളിൽ ഇതനുസരിച്ച് റോഡ് നിർമ്മിച്ചാൽ വെള്ളത്തിൽ ആണ്ടുപോകുമെന്നുള്ളതുകൊണ്ട് പ്രസ്തുത പ്രദേശങ്ങളെ ഈ പരിധിയിൽനിന്നും ഒഴിവാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി പി. എന്നീ സ്കീമുകളിൽ ചെയ്യുന്ന റോഡുകൾക്ക് ഉയരത്തിനു പരിധി നിശ്ചയിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ദേശീയ തൊഴിൽദാന പദ്ധതി

316 [346] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ തൊഴിൽദാന പദ്ധതിയുടെയും ദേശീയ തൊഴിൽ ഭദ്രതാപരിപാടിയുടെയും ഭാഗമായി കേന്ദ്രം അനുവദിച്ച ഗോതമ്പ് 1985-86 വർഷത്തിൽ എത്രമാത്രം ചെലവഴിച്ചു;

(ബി) ഈ ഗോതമ്പ് എങ്ങനെ വിതരണംചെയ്യാനാണ് കേന്ദ്രം നിർദ്ദേശിച്ചിരുന്നത്;

(സി) ഗോതമ്പ് തൊഴിലാളികൾക്ക് നൽകാതെയിരുന്നിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ ഏതെങ്കിലും ബ്ലോക്കുകളിൽ ബി.ഡി.ഒ.മാർ ഇടപെട്ട് ഈ ഗോതമ്പ് വിറ്റ് പണം കൺവീനർമാരുടെയോ ബി. ഡി. ഒ. മാരുടെയോ പേരിൽ അല്ലെങ്കിൽ കൂട്ടായോ ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ബ്ലോക്കുകളിൽ;

(ഇ) ഇത്തരം പ്രവർത്തികൾ ചെയ്ത ബി.ഡി.ഒ. മാരുടെ പേരിൽ എന്തു നടപടികളാണ് എടുത്തത്?

ഉത്തരം

(എ) ദേശീയ തൊഴിൽദാന പദ്ധതിപ്രകാരം 1985-86-ൽ മൊത്തം 22074.868 മെ. ടൺ ഗോതമ്പും ദേശീയ തൊഴിൽ ഭദ്രതാപരിപാടിയുടെ ഭാഗമായ് 1985-86-ൽ 19660.007 മെ. ടൺ ഗോതമ്പും ചെലവഴിച്ചിട്ടുണ്ട്.

(ബി) തൊഴിലാളികൾക്ക് കൊടുക്കുന്ന (എൻ. ആർ. ഇ പി., ആർ. എൽ. ഇ. ജി. പി) കൂലിയിൽ കുറഞ്ഞത് 40 ശതമാനമെങ്കിലും ഗോതമ്പായി കൊടുക്കണമെന്നു കേന്ദ്ര ഗവൺമെൻറ് നിർദ്ദേശിച്ചിരുന്നു.

(സി, ഡി, ഇ) വിവരം ശേഖരിച്ചുവരുന്നു.

സന്നദ്ധ സംഘടനകളെ വികസനോൻമുഖ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പ്രോത്സാഹിപ്പിക്കുവാൻ നടപടി

317 [347] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സന്നദ്ധ സംഘടനകളെ വികസനോൻമുഖ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പ്രോത്സാഹിപ്പിക്കുവാൻ പുതുതായി എന്തു നടപടി സ്വീകരിക്കുവാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്;

(ബി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly